"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - ഔദ്യോഗിക വെബ്സൈറ്റിന്റെ പരിപാലനച്ചെലവിനത്തിൽ കെൽട്രോണിന് തുക അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.168/2026/TAXES തീയതി,തിരുവനന്തപുരം, 11-02-2026

---

പരാമർശം:- 1. 13.12.2023 ലെ ജി.ഒ.(ആർടി) നം.876/2023/ടാക്സസ്

2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 27.06.2025, 31.10.2025 തീയതികളിലെ SLTY/5370/2023-MOD IT3 SL നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിന്റെ 2022 നവംബർ മുതൽ 2023 ഒക്ടോബർ വരെയുള്ള വാർഷിക പരിപാലന കരാർ ഇനത്തിൽ കെൽട്രോണിന് തുക അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നല്കിയിരുന്നു.

2. പ്രസ്തുത വെബ്സൈറ്റിന് പകരം പുതിയ വെബ്സൈറ്റ് വികസിപ്പിക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ, നിലവിലുള്ള വെബ്സൈറ്റ് പരിപാലനത്തിന് കെൽട്രോണുമായുണ്ടായിരുന്ന കരാർ 2023-24, 2024-25 വർഷങ്ങളിൽ പുതുക്കിയിട്ടുണ്ടായിരുന്നില്ലെന്നും എങ്കിലും ഈ കാലയളവിൽ നിത്യേനയുള്ള നറുക്കെടുപ്പുഫലം പബ്ലിഷ് ചെയ്യുന്നതുൾപ്പെടെ വെബ്സൈറ്റ് പരിപാലനവുമായി ബന്ധപ്പെട്ട സേവനങ്ങൾ കെൽട്രോൺ കൃത്യമായി ലഭ്യമാക്കിയിരുന്നതിനാൽ 2023 നവംബർ മുതൽ 2024 ഒക്ടോബർ, 2024 നവംബർ മുതൽ 2025 ഒക്ടോബർ എന്നീ വർഷങ്ങളിലെ വാർഷിക പരിപാലനത്തിന് കെൽട്രോണിന് ₹59,590/- അനുവദിക്കേണ്ടതുണ്ടെന്നും ടി തുക കെൽട്രോണിന് നൽകുന്നതിനും, ഇത് "2075-00-103-94-99-Information Technology" എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുമുള്ള അനുമതി നല്കണമെന്നും പരാമർശം (2) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭാവിയിൽ സമയബന്ധിതമായി കരാറുകൾ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നുള്ള കർശന ഉപാധിയോടെ, 2023-24, 2024-25 കാലയളവിലെ വെബ്സൈറ്റ് വാർഷിക പരിപാലന തുകയായ ₹59,590/- (അൻപത്തൊൻപതിനായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ് രൂപ മാത്രം) കെൽട്രോണിന്

അനുവദിക്കുന്നതിനും, ഈ ഇനത്തിലെ ചെലവ് "2075-00-103-94-99-Information Technology” എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**KABEER C A**

അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. ധനകാര്യ വകുപ്പ് (25.01.2026-ലെ 3248286/Exp. B1/448/2025-Fin പ്രകാരം)
4. വിവര പൊതുജന സമ്പർക്ക (വെബ്& ന്യൂ മീഡിയ) വകുപ്പ്
5. കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (TAXES-H1/199/2025-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu G
Date: 11-02-2026 12:56:15

സെക്ഷൻ ഓഫീസർ